"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്-2024-25 വാർഷിക പദ്ധതികൾ-കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് ആസ്ഥാന കാര്യാലയത്തിന് പുതിയ വാഹനം വാങ്ങുന്നതിനും ഒരു വാഹനം വാടകയ്ക്ക് എടുക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.397/2024/P&EA തീയതി,തിരുവനന്തപുരം, 29-10-2024

---

പരാമർശം:- 1. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് കമ്മീഷണറുടെ 03.07.2024 തീയതിയിലെ LUB/320/2024/D നമ്പർ കത്ത്

2. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് കമ്മീഷണറുടെ 11/ 07.2024 തീയതിയിലെ LUB/108/2024/D നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ ആസ്ഥാന കാര്യാലയത്തിൽ, ഫീൽഡ് സന്ദർശനത്തിനും വിവര ശേഖരണത്തിനുമായി മൂന്ന് വാഹനങ്ങളാണുള്ളതെന്നും ആയതിൽ KL 01 BF 9219 (സ്കോർപിയോ) വാഹനം 12 വർഷവും, KL 01 AT 409 (ബൊലേറോ), KL 01 AH 2698 (മഹീന്ദ്ര സ്കോർപിയോ) എന്നീ രണ്ട് വാഹനങ്ങൾ യഥാക്രമം 19 വർഷവും, 16 വർഷവും പൂർത്തിയാക്കിയവയാണെന്നും 16.01.2023 ലെ റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ വിജ്ഞാപനം അനുസരിച്ച് 15 വർഷം പൂർത്തിയാക്കിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുവാൻ കഴിയുകയില്ലെന്നും നിലവിൽ ഹെഡ് ഓഫീസിലെ രണ്ട് വാഹനങ്ങൾ 15 വർഷം പിന്നിട്ടതിനാൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണെന്നും ഇത് പദ്ധതി പുരോഗതിയെയും വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തെയും പ്രതികൂലമായി ബാധിക്കുന്നതായും കമ്മീഷണർ അറിയിച്ചിരുന്നു. 2024-25 സാമ്പത്തിക വർഷം രണ്ടു ഫീൽഡ് വാഹനങ്ങളുടെ അപര്യാപ്തത ഉണ്ടെങ്കിലും, നടപ്പു വർഷം Strengthening State Land Use Board-2402-00-001-98 എന്ന പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10.00 ലക്ഷം രൂപ (പത്ത് ലക്ഷം രൂപ) ഉപയോഗിച്ച് ഒരു പുതിയ ഫോർ വീൽ ഡ്രൈവ് ഫ്യുവൽ വാഹനം വാങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നു പരാമർശം (1) പ്രകാരം ഭൂവിനിയോഗ കമ്മീഷണർ ശിപാർശ ചെയ്തിരുന്നു.

2. 2024-25 ഭരണാനുമതി പ്രൊപ്പോസലിൽ POL and Hire Charges നായി 2402-

**00-001-90** പ്ലാൻ ഹെഡിൽ ഒരു ലക്ഷം രൂപയും, **2402-00-001-98** പ്ലാൻ ഹെഡിൽ **1.75** ലക്ഷം രൂപയും, **2402-00-001-96** പ്ലാൻ ഹെഡിൽ **11.91** ലക്ഷം രൂപയും, വകയിരുത്തിയിട്ടുണ്ടെന്നും ഭൂവിനിയോഗ ബോർഡിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭിക്കുന്നത് വരെ വാഹനങ്ങൾ ഹയർ ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നും പരാമർശം **(2)** പ്രകാരം ഭൂവിനിയോഗ കമ്മീഷണർ ശിപാർശ ചെയ്തിരുന്നു.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ ആസ്ഥാന കാര്യാലയത്തിൽ വാഹനത്തിന്റെ ആവശ്യകത പരിഗണിച്ച് **10** ലക്ഷം രൂപയിൽ താഴെയുള്ള ഒരു വാഹനം **2402-00-001-98-PV"** ശീർഷകത്തിൽ നിന്നും ചെലവുകൾ വഹിച്ച് വാങ്ങുന്നതിനും പ്രതിമാസം പരാമവധി ചെലവ് **40,000/-** രൂപയിൽ അധികരിക്കാത്ത രീതിയിൽ ഒരു വാഹനം ചെലവുകൾ **"2402-00-001-96-PV"** എന്ന ശീർഷകത്തിൽ നിന്നും വഹിച്ച് വാടകയ്ക്ക് എടുക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോജ് കെ എസ്
അണ്ടർ സെക്രട്ടറി

**1.**ഭൂവിനിയോഗ കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, തിരുവനന്തപുരം.
**2.**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.
**3.** ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം,
**4.** ധനകാര്യ വകുപ്പ്(**EXP-B3/412/2022-FIN** പ്രകാരം)
**5.** ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
**6.** ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്
**7.** സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(**PLGEA-B1/122/2024-PLGEA**)

ഉത്തരവിൻ പ്രകാരം
Signed by
Anu Surendran
Date: 30-10-2024 10:45:17
സെക്ഷൻ ഓഫീസർ